**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **17-03-2022 - ൽ മറുപടിയ്ക്ക്**

**വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. എച്ച്. സലാം | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വാർഷിക പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്കും പദ്ധതികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2022-23 ലേക്കുള്ള സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ തുക 30,370 കോടി രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നതും എൻ.സി.ഡി.സി സഹായവും ഉൾപ്പെടെ ആകെ അടങ്കൽ 39640.19 കോടി രൂപയുമാണ്. ഇതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായ 8048 കോടി രൂപ കൂടി ഉൾപ്പെട്ടിരിക്കുന്നു. പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമായ 25 കോടി രൂപ കൂടി കണക്കിലെടുത്താൽ 2022-23-ലെ മൊത്തം പദ്ധതി വിഹിതം 39665.19 കോടി രൂപയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി യഥാക്രമം 2979.40 കോടി രൂപയും 859.50 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവിധ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ വിശദീകരണ കുറിപ്പിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രാദേശിക സർക്കാരുകളെയും സഹകരണ സംഘങ്ങളെയും ഒപ്പം ചേർത്ത് കൃഷി, വ്യവസായം, വിനോദസഞ്ചാരം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, മാലിന്യ നിർമ്മാർജനം തുടങ്ങിയ മേഖലകളിൽ പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പദ്ധതി നിർവ്വഹണത്തിൽ പ്രാദേശിക സർക്കാരുകളെയും, സഹകരണ സംഘങ്ങളെയും ഒപ്പം ചേർത്തു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് 2022-23 വാർഷിക പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കൽ, ജൈവ കൃഷിയുടെയും ഉത്തമകൃഷി രീതികളുടെയും വ്യാപനം തുടങ്ങിയവയിലൂടെ കാർഷിക മേഖലയിലെ ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുക, വ്യാവസായിക സംരംഭങ്ങൾ സംസ്ഥാനത്ത് കൂടുതൽ |

| | | | | |
|---|---|---|---|---|
| | | | | മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, സമഗ്രശിക്ഷാകേരള തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉയർന്ന നിലവാരത്തിലാക്കുക, പ്രാദേശിക ഉത്പന്നങ്ങളുടെ വികസനവും വിപണനവും, വിനോദ സഞ്ചാര സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, വിനോദസഞ്ചാര പരിപാടികൾ പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ വിനോദസഞ്ചാര മേഖല യുടെ പുനരുജ്ജീവനവും വികസനവും ഉറപ്പ് വരുത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടെയുള്ള പങ്കാളിത്തത്തോടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുക തുടങ്ങി വിവിധ മേഖലകളിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇത്തരത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെയും സഹകരണ സംഘങ്ങളെയും ഒപ്പം ചേർത്തുള്ള പദ്ധതി നിർവ്വഹണം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം നിലവിലുള്ള 26 ശതമാനത്തിൽ നിന്ന് 26.50 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമേ, ലോകബാങ്ക് സഹായത്തോടെ 2100 കോടി രൂപയുടെ അടങ്കൽ വരുന്ന സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രോജക്റ്റിന്റെ 2022-23 വർഷത്തെ വിഹിതമായി 100 കോടി രൂപ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കുമായി വകയിരുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെയുള്ള മേഖലകളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഗുണപരമായ മാറ്റങ്ങൾ വിവിധ പദ്ധതി നിർവ്വഹണത്തിലൂടെ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

**കൃഷി**:- കാർഷിക മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പല ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. കാർഷിക രംഗത്ത് പ്രാദേശിക സർക്കാരുകൾ ഫലപ്രദമായിതന്നെ ഇടപെടുന്നുണ്ട്. വാർഷിക പദ്ധതിയിൽ എല്ലാ ത്രിതലപഞ്ചായത്തുകളും കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ എന്നിവ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. ഇതിലൂടെ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. കാർഷിക സംഘങ്ങൾക്കും സഹകരണ പ്രസ്ഥാനങ്ങൾക്കും വായ്പ ലഭ്യമാക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പലിശയിളവ് നൽകുകയും ചെയ്യുന്നു. കൂടാതെ, കാർഷിക ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക, പച്ചക്കറി വികസനം, നാളികേര വികസനം, സുഗന്ധ വ്യഞ്ജന വികസനം, ജൈവ കൃഷിയുടെയും ഉത്തമ കൃഷിരീതികളുടെയും വ്യാപനം, വിളകളുടെ ആരോഗ്യ പരിപാലനം എന്നിവയ്ക്കും ഇതര പ്രവർത്തനങ്ങൾക്കൊപ്പം 2022-23 വാർഷിക പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുണ്ട്.

**വ്യവസായം**:- വ്യവസായിക സംരംഭങ്ങൾ സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലൂടെ സംസ്ഥാന ത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുകയും അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും.

**വിദ്യാഭ്യാസം**:- പൊതു വിദ്യാഭ്യാസ വകുപ്പും പ്രാദേശിക സർക്കാരുകളുമായി ചേർന്ന് കൊണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, സമഗ്ര ശിക്ഷാ കേരള തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം ഉയർന്ന നിലവാര ത്തിലാകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പൊതു വിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് പൊതു വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളും നിലവാരവും ഉയർത്തുന്നതിനാവശ്യമായ പദ്ധതികളും വിഭാവനം ചെയ്യുന്നുണ്ട്.

**സാമൂഹിക ക്ഷേമം**:- വിദ്യാഭ്യാസ – സാമ്പത്തിക - സാമൂഹിക വികസനത്തിലൂടെയും, പുനരധിവാസ പദ്ധതികളിലൂടെയും സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിനായി വിവിധ

പദ്ധതികൾ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു. വയോജനങ്ങൾ, അംഗപരിമിതർ, വിധവകൾ തുടങ്ങിയവർക്കുള്ള സാമൂഹിക സുരക്ഷാ പെൻഷനുകൾ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു. ഇതിലൂടെ ഗുണഭോക്താക്കൾക്ക് സ്വയം പര്യാപ്തത കൈവരിക്കാനാകുന്നു. വയോജനങ്ങൾ, അംഗപരിമിതർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ വിവിധ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ സാമൂഹ്യനീതി വകുപ്പും, വനിതാ ശിശു വികസന വകുപ്പും, അനുബന്ധ ഏജൻസികളും ചേർന്ന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവഴി കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്നു. ഉദാ- "വാതിൽപ്പടി സേവനം" ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ചു കൊണ്ട് കുട്ടികൾക്കായി അംഗനവാടി നിർമ്മാണ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ വികസനങ്ങളും, പൂരക പോഷകാഹാര പദ്ധതികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തു നവകേരള കർമപദ്ധതി-2-ന്റെ ഭാഗമായി ആർദ്രം മിഷൻ പ്രാദേശിക സർക്കാരുകളുമായി ചേർന്ന് ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു വരുന്നു.

<u>വിനോദസഞ്ചാരം:-</u> വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സഞ്ചാര അനുഭവവും പ്രാദേശിക ജനസമൂഹത്തിന് മെച്ചപ്പെട്ട ജീവിതവും പ്രദാനം ചെയ്യുന്നതിലൂടെ കേരളത്തെ സുസ്ഥിര മാതൃകയാക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാന സർക്കാർ വിനോദ സഞ്ചാര മേഖലയിൽ നടപ്പിലാക്കുന്ന ഇതര പ്രവർത്തനങ്ങൾക്കൊപ്പം, പ്രാദേശിക ഉത്പന്നങ്ങളുടെ വികസനവും വിപണനവും, വിനോദ സഞ്ചാര സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, ഹോംസ്റ്റേകൾ പ്രോത്സാഹിപ്പിക്കൽ, ശുചിത്വ വിനോദസഞ്ചാര പരിപാടികൾ പ്രോത്സാഹിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും ഈ മേഖലയുടെ ഉന്നമനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്നുണ്ട്.

<u>മാലിന്യ സംസ്ക്കരണം:-</u> സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സ്വീവേജ്-സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ശുചിത്വവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന് 5 വർഷത്തേക്കായി ലോകബാങ്ക് സഹായമായി 2100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി 2022-23-ൽ ശുചിത്വ കേരളം-ഗ്രാമം, ശുചിത്വ കേരളം-നഗരം പദ്ധതികൾക്ക് യഥാക്രമം 25 കോടി, 21 കോടി രൂപ

എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രധനകാര്യ കമ്മീഷൻ 2022-23-ൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള 2124 കോടി രൂപയിൽ 30 ശതമാനവും ശുചിത്വ ഖര-ദ്രവ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഒ.ഡി.എഫ് (OPEN DEFECATION FREE) എന്നിവയ്ക്കാണ്. പ്രസ്തുത പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിലൂടെ മാലിന്യനിർമ്മാർജ്ജന രംഗത്ത് നൂതന സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

| പദ്ധതി വിഹിതത്തിന്റെ സ്റ്റേറ്റ്മെന്റ് | | | | |
|---|---|---|---|---|
| 2022-23-ലെ ആകെ പദ്ധതി വിഹിതം മേഖല തിരിച്ച് | | | | |
| | | | | തുക കോടിയിൽ |
| ക്ര.നം. | മേഖല /ഉപമേഖല | 2022-23 വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കേന്ദ്ര സഹായം | ആകെ വിഹിതം |
| 1 | 2 | 3 | 4 | 5 |
| I | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | 1648.44 | 268.09 | 1916.53 |
| II | ഗ്രാമ വികസനം | 1753.11 | 4343.19 | 6096.30 |
| III | പ്രത്യേക പ്രാദേശിക പരിപാടി | 390.50 | 0.00 | 390.50 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 540.85 | 11.60 | 552.45 |
| V | ഊർജ്ജം | 1152.93 | 0.00 | 1152.93 |
| VI | വ്യവസായവും ധാതുക്കളും | 1214.66 | 12.00 | 1226.66 |
| VII | ഗതാഗതം | 1788.67 | 0.00 | 1788.67 |
| VIII | ശാസ്ത്രം, സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 1027.14 | 61.39 | 1088.53 |
| IX | സാമ്പത്തിക സർവ്വീസുകൾ | 1425.58 | 108.82 | 1534.40 |
| X | സാമൂഹ്യവും സാമൂഹ്യസേവന പരവുമായ സേവനങ്ങൾ | 9696.23 | 4429.1 | 14125.33 |
| XI | പൊതു സേവനങ്ങൾ | 83.89 | 36 | 119.89 |
| XII | തദ്ദേശ ഭരണ വകുപ്പ് | 8048.00 | 0.00 | 8048.00 |
| | **ആകെ I മുതൽ XII വരെ** | 28770.00 | 9270.19 | 38040.19 |
| | കേരള പുനർ നിർമ്മാണ പദ്ധതി (RKI) | 1600.00 | 0.00 | 1600.00 |
| | **ആകെ മൊത്തം** | 30370.00 | 9270.19 | 39640.19 |
| | പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | | | 25.00 |

| | | | | |
|---|---|---|---|---|
| വിശദീകരണ കുറിപ്പ് | | | | |
| 2022-23-ലെ ആകെ പദ്ധതി വിഹിതം -മേഖല/ ഉപമേഖല തിരിച്ച് | | | | |
| | | | | തുക കോടിയിൽ |
| ക്ര.നം. | മേഖല /ഉപമേഖല | 2022-23 വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കേന്ദ്ര സഹായം | ആകെ വിഹിതം |
| 1 | 2 | 3 | 4 | 5 |
| I | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | | | |
| 1 | വിള സംരക്ഷണം | 565.61 | 156.30 | 721.91 |
| 2 | മണ്ണും ജലസംരക്ഷണവും | 105.79 | 0.00 | 105.79 |
| 3 | മൃഗ സംരക്ഷണം | 358.45 | 34.19 | 392.64 |
| 4 | ക്ഷീര വികസനം | 99.31 | 0.00 | 99.31 |
| 5 | മത്സ്യ ബന്ധനം | 203.40 | 37.20 | 240.60 |
| 6 | ഭക്ഷ്യ സംഭരണവും വെയർ ഹൌസിംഗും | 0.25 | 0.00 | 0.25 |
| 7 | കാർഷിക ഗവേഷണവും വിദ്യാഭ്യാസവും | 75.00 | 0.00 | 75.00 |
| 8 | സഹകരണം | 155.83 | 40.40 | 196.23 |
| 9 | കാർഷിക വിപണനം | 83.55 | 0.00 | 83.55 |
| 10 | മറ്റുള്ളവ | 1.25 | 0.00 | 1.25 |
| | **ആകെ** | **1648.44** | **268.09** | **1916.53** |
| II | ഗ്രാമ വികസനം | | | 0.00 |
| 1 | ഗ്രാമ വികസനം | 494.76 | 4134.69 | 4629.45 |
| 2 | സാമൂഹ്യ വികസനവും പഞ്ചായത്തും | 1258.32 | 58.50 | 1316.82 |
| 4 | എൻ. എസ്. എ.പി. | 0.03 | 150.00 | 150.03 |
| | **ആകെ** | **1753.11** | **4343.19** | **6096.30** |
| III | പ്രത്യേക പ്രാദേശിക പരിപാടി | | | 0.00 |
| 1 | തീരദേശ വികസനം | 135.50 | 0.00 | 135.50 |
| 2 | പ്രത്യേക പാക്കേജുകൾ | 255.00 | 0.00 | 255.00 |
| | **ആകെ** | **390.50** | **0.00** | **390.50** |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | | | 0.00 |
| 1 | വലുതും ഇടത്തരവുമായ ജലസേചനം | 173.00 | | 173.00 |
| 2 | ചെറുകിട ജലസേചനം | 173.18 | 6.00 | 179.18 |
| 3 | കമാന്റ് ഏരിയ വികസനം | 0.10 | 0.10 | 0.20 |
| 4 | വെള്ളപ്പൊക്ക തീരദേശ മേഖല മേൽനോട്ടം | 194.57 | 5.50 | 200.07 |
| | **ആകെ** | **540.85** | **11.60** | **552.45** |
| V | ഊർജ്ജം | | | 0.00 |
| 1 | ഊർജ്ജ വികസനം | 1093.75 | 0.00 | 1093.75 |
| 2 | പാരമ്പര്യേതര ഊർജ്ജം | 59.18 | 0.00 | 59.18 |
| | **ആകെ** | **1152.93** | **0.00** | **1152.93** |
| VI | വ്യവസായവും ധാതുക്കളും | | | 0.00 |
| 1 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | 458.40 | 12.00 | 470.40 |
| 2 | ഇടത്തരവും വലുതുമായ വ്യവസായങ്ങൾ | 752.21 | 0.00 | 752.21 |
| 3 | ധാതുക്കൾ | 4.05 | 0.00 | 4.05 |
| | **ആകെ** | **1214.66** | **12.00** | **1226.66** |
| VII | ഗതാഗതം | | | 0.00 |
| 1 | തുറമുഖവും ലൈറ്റ് ഹൌസുകളും | 80.13 | 0.00 | 80.13 |
| 2 | റോഡുകളും പാലങ്ങളും | 1207.23 | 0.00 | 1207.23 |
| 3 | റോഡ് ഗതാഗതം | 159.07 | 0.00 | 159.07 |
| 4 | ഉൾനാടൻ ജല ഗതാഗതം | 141.66 | 0.00 | 141.66 |
| 5 | മാറ്റ് ഗതാഗത സൌകര്യങ്ങൾ | 200.58 | 0.00 | 200.58 |
| | **ആകെ** | **1788.67** | **0.00** | **1788.67** |
| VIII | ശാസ്ത്രം, സാങ്കേതിക വിദ്യയും പരിസ്ഥിതിയും | | | 0.00 |
| 1 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 220.77 | 0.00 | 220.77 |
| 2 | വിവര സാങ്കേതിക വിദ്യയും, ഇ-ഗവേണൻസും | 559.00 | | 559.00 |

| | | | | |
|---|---|---|---|---|
| 3 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 26.05 | 1.40 | 27.45 |
| 4 | വനവത്കരണവും വന്യജീവി സംരക്ഷണവും | 221.32 | 59.99 | 281.31 |
| | **ആകെ** | **1027.14** | **61.39** | **1088.53** |
| IX | സാമ്പത്തിക സർവ്വീസുകൾ | | | 0.00 |
| 1 | സെക്രട്ടറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 478.29 | 25.50 | 503.79 |
| 2 | മുഖ്യ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ | 507.00 | 0.00 | 507.00 |
| 3 | വിനോദ സഞ്ചാരം | 362.15 | 0.00 | 362.15 |
| 4 | സെൻസസും നിരീക്ഷണങ്ങളും സ്ഥിതി വിവരക്കണക്കുകളും | 5.00 | 82.72 | 87.72 |
| 5 | സിവിൽ സപ്ലൈസ് | 67.36 | 0.60 | 67.96 |
| 6 | തൂക്കങ്ങളുടെയും അളവുകളുടെയും ക്രമീകരണം | 5.78 | 0.00 | 5.78 |
| | **ആകെ** | **1425.58** | **108.82** | **1534.40** |
| X | സാമൂഹ്യവും സാമൂഹ്യസേവന പരവുമായ സേവനങ്ങൾ | | | |
| 1 | പൊതുവിദ്യാഭ്യാസം | 1715.04 | 831.03 | 2546.07 |
| 2 | കായികവും യുവജന കാര്യവും | 130.75 | 0 | 130.75 |
| 3 | കലയും സംസ്കാരവും | 175.09 | 0 | 175.09 |
| 4 | ശുശ്രൂഷയും പൊതുജനാരോഗ്യവും | 1887.13 | 742.2 | 2629.33 |
| 5 | ശുദ്ധ ജല വിതരണവും ശുചിത്വവും | 905.71 | 1000 | 1905.71 |
| 6 | പാർപ്പിടം | 64.87 | 3.38 | 68.25 |
| 7 | നഗര വികസനം | 1028.43 | 766.83 | 1795.26 |
| 8 | വാർത്താ വിതരണവും പ്രചരണവും | 40.43 | 0 | 40.43 |
| 9 | പട്ടികജാതി/പട്ടിക വർഗ്ഗ/ മറ്റു പിന്നാക്ക സമുദായ / ന്യൂനപക്ഷ ക്ഷേമം / മുന്നോക്ക വിഭാഗം എന്നിവയുടെ ക്ഷേമം | | | 0 |
| a | പട്ടിക ജാതി | 1638.10 | 297.28 | 1935.38 |
| b | പട്ടിക വർഗ്ഗം | 657.95 | 77.91 | 735.86 |
| c | എ.ടി.എസ.പി./സ്പെഷൽ പാക്കേജസ് / മറ്റു പരിപാടികൾ | | | 0 |
| d | മറ്റു പിന്നോക്ക വിഭാഗം | 105.54 | 78.3 | 183.84 |
| e | ന്യൂന പക്ഷം | 52.01 | 24 | 76.01 |
| f | മുന്നോക്ക വിഭാഗം | 38.05 | 0 | 38.05 |
| 10 | തൊഴിൽ | 482.16 | 0.62 | 482.78 |
| 11 | സാമൂഹ്യ സുരക്ഷിതത്ത്വവും ക്ഷേമവും | 569.65 | 110.27 | 679.92 |
| 12 | പോഷകാഹാരം | 205.32 | 497.28 | 702.6 |
| | **ആകെ** | **9696.23** | **4429.1** | **14125.33** |
| XI | പൊതു സേവനങ്ങൾ | | | |
| 1 | സ്റ്റേഷനറിയും പ്രിന്റിംഗും | 9.66 | 0 | 9.66 |
| 2 | പൊതു മരാമത്ത് പണികൾ | 74.23 | 36 | 110.23 |
| | **ആകെ** | **83.89** | **36** | **119.89** |
| | **ആകെ I മുതൽ XI വരെ** | **20722.00** | **9270.19** | **29992.19** |
| XII | തദ്ദേശ ഭരണ വകുപ്പ് | | | |
| 1 | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം | 8048.00 | 0.00 | 8048.00 |
| | **ആകെ** | **8048.00** | **0.00** | **8048.00** |
| | ആകെ I മുതൽ XII വരെ | 28770.00 | 9270.19 | 38040.19 |
| | കേരള പുനർ നിർമ്മാണ പദ്ധതി | 1600 | 0 | 1600 |
| | **ആകെ മൊത്തം** | **30370.00** | **9270.19** | **39640.19** |
| | പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം | | | **25.00** |